**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2431** **23-02-2026-ൽ മറുപടിയ്ക്ക്**

**<u>അരുവിക്കര മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും ഇതിൽ എത്ര ശതമാനം തുകയാണ് കേന്ദ്രസർക്കാർ ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

**<u>മറുപടി: പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതിയായ പി എം പോഷൺ (സ്കൂൾ ഉച്ച ഭക്ഷണ പദ്ധതി ) പ്രകാരം അരുവിക്കര മണ്ഡലത്തിലെ എല്ലാ സർക്കാർ / എയ്ഡഡ് സ്കൂളുകളിലും ഉച്ച ഭക്ഷണം നൽകി വരുന്നുണ്ട്. പദ്ധതിയുടെ 60 ശതമാനം ചെലവ് തുക കേന്ദ്ര സർക്കാർ അനുവദിക്കുന്നു.

**<u>അമൃത്</u>**

കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് 1.0 മുഖേന 5979 ലക്ഷം രൂപ ചെലവഴിച്ച് 75 MLD ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് അരുവിക്കരയിൽ സ്ഥാപിച്ചു. ഇതിൽ 2989.6 ലക്ഷം രൂപ കേന്ദ്രസർക്കാർ വിഹിതമാണ് (50%).

**<u>തദ്ദേശ സ്വയംഭരണ വകുപ്പ്</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ പ്രധാന പദ്ധതികളായ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ), പ്രധാനമന്ത്രി ഗ്രാമ സഡക് യോജന എന്നീ പദ്ധതികളാണ് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്നത്.

1. അരുവിക്കര മണ്ഡലത്തിൽ പ്രധാന മന്ത്രി ആവാസ് യോജന (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി ഈ കാലയളവിൽ 638 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇതിനായി ₹ 3.28 കോടി രൂപ കേന്ദ്രവിഹിത ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്.
2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ റിപ്പോർട്ട് കാലയളവിൽ ആകെ 79,26,192 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ₹277.54 കോടി രൂപ കേന്ദ്ര വിഹിതമായി ചെലവഴിച്ചിട്ടുള്ളതാണ്.
3. പ്രധാനമന്ത്രി ഗ്രാമ സഡക് യോജനയുടെ ഭാഗമായി 23.595 കിലോമീറ്റർ നീളമുള്ള നാല് റോഡുകളുടെ നിർമ്മാണത്തിന് ₹20.68 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. റിപ്പോർട്ട് കാലയളവിൽ 10.68 കിലോമീറ്റർ നീളമുള്ള ഒരു റോഡ് പൂർത്തീകരിച്ചിരിക്കുന്നു. ഇതുവരെ ₹7.362 കോടി രൂപ കേന്ദ്ര

വിഹിതമായി ചെലവഴിച്ചിട്ടുണ്ട്. ശേഷിക്കുന്ന മൂന്ന് റോഡുകളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

**ഫിഷറീസ്**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഫിഷറീസ് വകുപ്പ് കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന (PMMSY) ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

| അരുവിക്കര നിയോജക മണ്ഡലം | | | |
|---|---|---|---|
| **വർഷം** | **പദ്ധതി** | **അനുവദിച്ച സബ്സിഡി തുക (ലക്ഷം രൂപ)** | **കേന്ദ്ര സർക്കാർ വിഹിതം (ലക്ഷം രൂപ)(60%)** |
| 2021-22 | പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി | 3 | 1.8 |
| | ബയോഫ്ലോക് | 27 | 16.2 |
| 2022-23 | പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി | 1.2 | 0.72 |
| | ഫിഷ് കിയോസ്ക് | 4 | 2.4 |
| 2024-25 | പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യകൃഷി | 1.3 | 0.72 |

**നാഷണൽ എംപ്ലോയ്മെന്റ് സർവീസ് (കേരളം)**

“INTERLINKING OF EMPLOYMENT EXCHANGES WITH NCS PORTAL” എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുമായി ബന്ധപ്പെട്ട് അരുവിക്കര മണ്ഡലത്തിൽ ഉൾപ്പെടുന്ന കാട്ടാക്കട ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ വികസനം, ഓഫീസ് റീഫർബിഷിംഗ് ഇനങ്ങളിലായി 3.19199 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ നിന്ന് grants-in-aid ആയി ലഭിച്ച തുകയുടെ 100% തുകയും കേന്ദ്ര സർക്കാരാണ് ചെലവഴിച്ചിട്ടുള്ളത്.

**ശുചിത്വ മിഷൻ**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കേന്ദ്ര സർക്കാർ ഫണ്ട് 60%, സംസ്ഥാന സർക്കാർ 40% എന്ന നിരക്കിലാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്.

2021-22 മുതൽ 2025-26 വരെയുള്ള കാലയളവിലെ പദ്ധതികൾ

1. 485 ഗുണഭോക്താക്കൾക്ക് വ്യക്തിഗത ഗാർഹിക ശൗചാലയങ്ങൾ നൽകി. ഇതിനായി 58.20 ലക്ഷം രൂപ ചെലവായിട്ടുണ്ട്.
2. 18 പൊതു ശൗചാലയങ്ങൾ നിർമ്മിച്ചു. ഇതിനായി 37.8 ലക്ഷം രൂപ ചെലവഴിച്ചു.

3. ഖരമാലിന്യ സംസ്കരണ (എം.സി.എഫ്, മിനി എം.സി.എഫ്, കമ്പോസ്റ്റ് പിറ്റ് തുടങ്ങിയവ) സംവിധാനങ്ങൾക്കായി 158.01373 ലക്ഷം രൂപ ചെലവായിട്ടുണ്ട്.
4. ദ്രവമാലിന്യ സംസ്കരണത്തിനായി 1.64815 ലക്ഷം രൂപയും ചെലവായിട്ടുണ്ട്.

•

**<u>കുടുംബശ്രീ</u>**

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും അവയ്ക്കായി ചെലവഴിച്ച തുകയും താഴെ ചേർക്കുന്നു.

NRLM - 24,359,863/-

DDUGKY - 3300/-

**<u>നാഷണൽ ആയുഷ് മിഷൻ</u>**

നാഷണൽ ആയുഷ് മിഷൻ മുഖേന അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്ററുകളായി അപ്ഗ്രേഡ് ചെയ്ത സ്ഥാപനങ്ങൾ (ആയുഷ്മാൻ ആരോഗ്യ മന്ദിർ (ആയുഷ്) -

1. ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ

   ജി. എച്ച്.ഡി. പനക്കോട്

2. ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ

   ജി. എച്ച്.ഡി. ആര്യനാട്

3. ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ

   ജി. എ.ഡി. ഉഴമലക്കൽ

4. ആയുഷ് ഹെൽത്ത് & വെൽനെസ്സ് സെന്റർ

   ജി. എ.ഡി. വിതുര

AYUSH HWC അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റും 5 ലക്ഷം രൂപ അതാത് പഞ്ചായത്തുകൾക്ക് നാഷണൽ ആയുഷ് മിഷൻ മുഖേന അനുവദിച്ചിട്ടുണ്ട്. ഇത് കൂടാതെ ഓരോ AYUSH HWC ക്കും 4.57 ലക്ഷം രൂപ ഓരോ വർഷവും ശമ്പള ഇനത്തിലും ഐ. ഇ. സി, കണ്ടിജൻസി, ഐടി, മെയിന്റനൻസ് ഓഫ് ഹെർബൽ ഗാർഡൻ ആവശ്യങ്ങൾക്കുമായി ആവർത്തന ചെലവായി ലഭ്യമാക്കി വരുന്നുണ്ട്.

നാഷണൽ ആയുഷ് മിഷൻ Upgradation of AYUSH Hospitals & Dispensaries എന്ന സ്കീമിൽ ഉൾപ്പെടുത്തി നിർമ്മാണ-പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ -

1. ഗവ. ആയുർവേദ ആശുപത്രി, കോട്ടൂർ
2. ഗവ. ആയുർവേദ ഡിസ്പെൻസറി, ഉഴമലയ്ക്കൽ

ഓരോ പദ്ധതിയിനത്തിലും അനുവദിക്കുന്ന തുകയുടെ 60 ശതമാനമാണ് കേന്ദ്ര സർക്കാർ ചെലവഴിക്കുന്നത്.

**കേരള വാട്ടർ അതോറിറ്റി**

അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന ജൽ ജീവൻ മിഷൻ പദ്ധതി 171 പാക്കേജുകളായാണ് നടപ്പിലാക്കുന്നത്. അവയിൽ 139 പ്രവൃത്തികൾ പൂർത്തീകരിച്ചു. 23 എണ്ണം പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. 9 എണ്ണം ടെൻഡർ ഘട്ടത്തിൽ ആണ്. ആകെ അനുവദിച്ച ഭരണാനുമതി തുക 38302 ലക്ഷം രൂപയാണ്. ഇതിൽ 31.12.2025 ലെ കണക്ക് പ്രകാരം 3713 ലക്ഷം രൂപയാണ് കേന്ദ്ര വിഹിതമായി ചെലവഴിച്ചിട്ടുള്ളത്.

**നാഷണൽ ഹെൽത്ത് മിഷൻ**

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര മണ്ഡലത്തിൽ എൻ. എച്ച്. എം. മുഖേനെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ***അനുബന്ധം I*** – ൽ ചേർക്കുന്നു.

**ന്യൂനപക്ഷക്ഷേമ വകുപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMJVK മുഖേന ന്യൂനപക്ഷക്ഷേമ വകുപ്പ് അരുവിക്കര മണ്ഡലത്തിൽ 2019-20 സാമ്പത്തിക വർഷം അനുവദിച്ചിട്ടുള്ള Infrastructure development for spray paintings and computer based designing courses in NPM Govt. ITI, Aryanad എന്ന പ്രവൃത്തി ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരംഭിക്കുകയും പദ്ധതി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 120 ലക്ഷം രൂപയാണ് പദ്ധതിക്ക് അനുവദിച്ചിട്ടുള്ളത്. ഇതിന്റെ 60 ശതമാനം കേന്ദ്ര സർക്കാരും 40 ശതമാനം സംസ്ഥാന സർക്കാരും ചെലവഴിച്ചിട്ടുണ്ട്.

**വനിതാ ശിശുവികസന വകുപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് അരുവിക്കര നിയോജക മണ്ഡലത്തിൽ വനിതാ ശിശു വികസന വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഇതിനായി കേന്ദ്ര സർക്കാർ ചെലവഴിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1. അനുപൂരക പോഷകാഹാര പദ്ധതിക്കായി കേന്ദ്ര സർക്കാർ 50:50 എന്ന അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.
2. പൽന (ക്രഷ്) പദ്ധതി പ്രകാരം കേന്ദ്ര സർക്കാർ 60:40 എന്ന അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.
3. അങ്കണവാടി സർവ്വീസസ് പദ്ധതിയിൽ ഉൾപ്പെടുത്തി അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസസ്, പ്രീസ്കൂൾ കിറ്റ് അങ്കണവാടി പ്രവർത്തകർക്കുള്ള ഹോണറേറിയം, അങ്കണവാടി കെട്ടിട വാടക എന്നിവയ്ക്കായി 60:40 അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.
4. അങ്കണവാടികളെ ശിശു സൗഹൃദമായി നവീകരിക്കുന്ന ചായം പദ്ധതിക്കായി 60:40 അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.
5. പോഷൻ വാടിക, LED, Water purifier, ചുമർ ചിത്രങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി അങ്കണവാടികൾ നവീകരിക്കുന്ന സക്ഷം അങ്കണവാടി നവീകരണത്തിനായി 60:40 അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.
6. പ്രധാന മന്ത്രി മാതൃ വന്ദന യോജന പദ്ധതി പ്രകാരം 60:40 അനുപാതത്തിൽ തുക അനുവദിച്ചിട്ടുണ്ട്.

**പട്ടികജാതി വികസന വകുപ്പ്**

അരുവിക്കര നിയോജക മണ്ഡലത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ മിശ്രവിവാഹ ധനസഹായവും, 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ധനസഹായവുമാണ്. ഇതിൽ മിശ്രവിവാഹ ധനസഹായത്തിൽ കേന്ദ്ര

ധനസഹായമായി 50% തുകയായ 6 ലക്ഷം രൂപയും 9,10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കുള്ള പ്രീമെട്രിക് സ്കോളർഷിപ്പ് ഇനത്തിൽ 60% തുകയായ 13.37280 ലക്ഷം രൂപയും കേന്ദ്ര ധനസഹായമായി ചെലവഴിച്ചിട്ടുണ്ട്.

**കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി**

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കേരള സംസ്ഥാന സാക്ഷരതാമിഷൻ അതോറിറ്റി മുഖേന നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് പഢ്ന ലിഖ്ന അഭിയാൻ (2020-21), ന്യൂ ഇന്ത്യ ലിറ്ററസി പ്രോഗ്രാം (2022-2027) എന്നീ പദ്ധതികളുടെ ഭാഗമായി അരുവിക്കര മണ്ഡലത്തിൽ ആകെ ചെലവായ തുക 5.47687 ലക്ഷം രൂപയാണ്. ചെലവിന്റെ 60% ആണ് കേന്ദ്രസർക്കാർ വഹിക്കുന്നത്.

അരുവിക്കര മണ്ഡലത്തിലേയ്ക്ക് മാത്രമായി മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളൊന്നും നടപ്പിലാക്കുന്നില്ല.

**അനുബന്ധം I**

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | പ്രവർത്തി | അനുവദിച്ച തുക (രൂപ) | കേന്ദ്ര വിഹിതം (രൂപ) | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 1. | താലൂക്ക് ആശുപത്രി വിതുര | വിതുര താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററിന്റെയും ബ്ലഡ് സ്റ്റോറേജ് യൂണിറ്റിന്റെയും നവീകരണം. | 69.03 ലക്ഷം | 41.418 ലക്ഷം (60%) | ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. നിർമ്മാണ പ്രവൃത്തി ഉടൻ ആരംഭിക്കാവുന്നതാണ് |
| 2. | പനക്കോട് ഉപകേന്ദ്രം | ഉപകേന്ദ്രത്തെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 ലക്ഷം | 4.2 ലക്ഷം (60%) | നിർമ്മാണ/നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 3 | JAK തൊളിക്കോട് മെയിൻ | | | | |
| 4 | JAK അരുവിക്കര | | | | |
| 5 | JAK അരുവിക്കര മെയിൻ | | | | |
| 6 | FHC മലയടി | പ്രാഥമികാരോഗ്യ കേന്ദ്രത്തെ കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 15.5 ലക്ഷം | 9.3 ലക്ഷം (60%) | നിർമ്മാണ/നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 7 | JAK കാപ്പിക്കാട് | ഉപകേന്ദ്രത്തെ ജനകീയാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്ന പ്രവർത്തി | 7 ലക്ഷം | 4.2 ലക്ഷം (60%) | നിർമ്മാണ/നവീകരണ പ്രവർത്തികൾ പൂർത്തീകരിച്ചു. |
| 8 | JAK കാട്ടാക്കട - I | | | | |
| 9 | JAK പന്നിയോട് | | | | |
| 10 | JAK കുറ്റിച്ചൽ | | | | |

| | | | | | |
|---|---|---|---|---|---|
| 11 | JAK കുറ്റിച്ചൽ മെയിൻ | | | | |
| 12 | JAK ഉത്തരംകോട് | | | | |
| 13 | JAK കോട്ടൂർ | | | | |
| 14 | JAK ബോണക്കാട് | 15-ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം | 55.5 ലക്ഷം | 55.5 ലക്ഷം (100%) | DPR തയ്യാറാക്കി വരുന്നു |
| 15 | JAK ചായം | | | | |
| 16 | JAK കൊണ്ണിയൂർ | | | | |
| 17 | CHC കാട്ടാക്കട | 15 -ാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി പുതിയ കെട്ടിട നിർമ്മാണം | 400 ലക്ഷം | 400 ലക്ഷം (100%) | DPR തയ്യാറാക്കി വരുന്നു |

**സെക്ഷൻ ഓഫീസർ**